LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീമാണ് നിലവിലുള്ളത്. പ്രവർത്തനം മന്ദീഭവിച്ചതോ ലിക്വിഡേഷൻ നടപടികളിലോ ഉൾപ്പെട്ടതല്ലാത്തതും റിസർവ് ബാങ്കിന്റെ കീഴിലുള്ള ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ആന്റ് ക്രഡിറ്റ് ഗ്യാരന്റി കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീമിൽ ഉൾപ്പെടാത്തതുമായ എല്ലാത്തരം സഹകരണ ബാങ്കുകൾക്കും/സംഘങ്ങൾക്കും ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീമിൽ ചേരാൻ അർഹതയുണ്ട്.

(ബി) സഹകരണ സംഘം രജിസ്ട്രാർ നോട്ടിഫൈ ചെയ്ത വായ്പ സഹകരണ സംഘങ്ങളിൽ എല്ലാപേരും സ്കീമിൽ അംഗമായി ചേർന്നിട്ടില്ല. 2257 വായ്പാ സഹകരണ സംഘങ്ങളെ സ്കീമിലേയ്ക്ക് നോട്ടിഫൈ ചെയ്തതിൽ 1761 സംഘങ്ങൾ അംഗങ്ങളായി ചേർന്നിട്ടുണ്ട്. ബാക്കിയുള്ള സഹകരണ സംഘങ്ങളെ അംഗമായി ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സഹകരണ സംഘം രജിസ്ട്രാർ നോട്ടിഫൈ ചെയ്ത വായ്പ സഹകരണ സംഘങ്ങളിൽ 496 സഹകരണ സംഘങ്ങൾ ഇനി പദ്ധതിയിൽ ചേരാനുണ്ട്.

(ഡി) ഇവരെ സ്കീമിൽ അംഗമാക്കാൻ നിക്ഷേപ ഗ്യാരണ്ടി ഫണ്ട് ബോർഡും സഹകരണ വകുപ്പും സംയുക്തമായി ജില്ലാതല യോഗങ്ങൾ വിളിച്ചുകൂട്ടി നിർദ്ദേശം നൽകിയിട്ടുണ്ട്.

സഹകരണ സംഘങ്ങളും ബാങ്കുകളും വിതരണം ചെയ്യുന്ന വായ്പകളിലെ പലിശനിരക്ക്

81 (4072) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. കെ.ശിവദാസൻ നായർ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളും ബാങ്കുകളും വിതരണം ചെയ്യുന്ന വായ്പകളിൽ പലിശനിരക്ക് കുറച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഏതെല്ലാം വായ്പകൾക്കാണ് പലിശനിരക്ക് കുറച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം തരം സംഘങ്ങൾക്കും ബാങ്കുകൾക്കുമാണ് ഇത് ബാധകമായിട്ടുള്ളത്; വിശദമാക്കാമോ ;

(ഡി) ഏത് തിയതി മുതൽക്കാണ് ഇതിന് പ്രാബല്യമുള്ളതെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും നൽകുന്ന വിവിധ വായ്പകൾക്ക് ഈടാക്കാവുന്ന പരമാവധി പലിശ 15 ശതമാനമായും സ്വർണ്ണപ്പണയ വായ്പകൾക്ക് ഈടാക്കാവുന്ന പരമാവധി പലിശ നിരക്ക് 12 ശതമാനമായും നിജപ്പെടുത്തുകൊണ്ട് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ക്യാഷ് ക്രഡിറ്റ്/ഓവർഡ്രാഫ്റ്റ്, മോർട്ട്ഗേജ്/ഭൂസ്വത്ത് വാങ്ങാനുള്ള സാധാരണ വായ്പ, ബിസിനസ്സ് വായ്പ, വ്യവസായ വായ്പ, സ്വർണ്ണപ്പണയ വായ്പ എന്നിവയ്ക്ക് പലിശ നിരക്ക് കുറച്ചിട്ടുണ്ട്.

(സി) സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക്, പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയ്ക്കാണ് ഈ നിരക്കുകൾ ബാധകമാക്കിയിട്ടുള്ളത്.

(ഡി) 30-5-2014 മുതൽ പ്രാബല്യമുണ്ട്.

സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് സ്ഥലം മാറ്റം അനുവദിക്കുന്നതിന് നടപടി

82 (4073) ശ്രീ. എം.. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരേ ഗ്രേഡിലുള്ള സംഘങ്ങളിലേയ്ക്ക് സഹകരണ ജീവനക്കാർക്ക് സ്ഥലം മാറ്റം അനുവദിക്കുന്നതു പരിഗണിക്കുമോ ;

(ബി) ഇതിനായി സംസ്ഥാനതലത്തിൽ ഒരു സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുമോ?

ഉത്തരം

(എ&ബി) സഹകരണ സംഘങ്ങൾ വ്യത്യസ്ത ഭരണ സമിതികളുള്ള സ്വതന്ത്ര സ്ഥാപനങ്ങളാണ്. നിയമന അധികാരിക്കാണ് ജീവനക്കാരുടെ കാര്യത്തിൽ തീരുമാനമെടുക്കുന്നതിനുള്ള അധികാരം. ആയതിനാൽ സംസ്ഥാനതലത്തിൽ ഒരു സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കാനോ ഒരേ ഗ്രേഡിലുള്ള സംഘങ്ങളിലേയ്ക്ക് സഹകരണ ജീവനക്കാർക്ക് സ്ഥലംമാറ്റം അനുവദിക്കുന്നതിനോ നിലവിലുള്ള നിയമപ്രകാരം കഴിയുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly